(ബി) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട 18 വയസ്സിനും 45 വയസ്സിനും ഇടയിലുള്ള യുവതീ യുവാക്കളെയാണ് തെരെഞ്ഞെടുക്കുന്നത്. ദാരിദ്ര്യ രേഖയ്ക്ക് താഴെ വരുമാനമുള്ളവരെയാണ് കോർപ്പറേഷൻ നേരിട്ട് ധനസഹായം നൽകി സഹായിക്കുന്നത്. ദേശീയ കോർപ്പറേഷൻ സഹായമുള്ള പദ്ധതികൾക്ക് ഗ്രാമപ്രദേശത്ത് 31,952 ഉം പട്ടണ പ്രദേശത്തുള്ളവർക്ക് 42,412 രൂപയുമാണ് വരുമാന പരിധി.

(സി) കൃഷിഭൂമി വായ്പാ പദ്ധതി പ്രകാരം ഇതുവരെ 9,673 പേർക്ക് വായ്പാ വിതരണം നടത്തിയിട്ടുണ്ട്. 1998-ൽ തുടങ്ങിയ പുതിയ പദ്ധതി അനുസരിച്ച് 983 പേരെ ഈ പദ്ധതിക്ക് തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ വിവിധ ജില്ലകളിലായി 553 പേർക്ക് വായ്പാ വിതരണം നടത്തിയിട്ടുണ്ട്.

(ഡി) വിവിധയിനം വാഹന വായ്പാ പദ്ധതി പ്രകാരം ഇതുവരെ 3,058 വാഹനങ്ങൾ വിതരണം നടത്തിയിട്ടുണ്ട്. വാഹനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. ടാക്സി ജീപ്പ്/ ടാക്സി കാർ, ഓട്ടോറിക്ഷാ, ടെംമ്പോ, ബസ്സ്, ലോറി, പോട്രോൾ ഓട്ടോറിക്ഷാ, ഡീസൽ ഓട്ടോറിക്ഷാ, എൻ.സി.വി. ഗുഡ്സ്, വാട്ടർ സ്കൂട്ടർ, ഡീസൽ ട്രെയ്ലർ.

(ഇ) വാഹനവായ്പാ പദ്ധതിക്ക് അപേക്ഷ ക്ഷണിച്ചുകൊണ്ട് വിവിധ പത്രങ്ങളിൽ പരസ്യം ചെയ്യുന്നു. അപേക്ഷകരെ ജില്ലതിരിച്ച് ഇന്റർവ്യൂവിന് ക്ഷണിക്കുന്നു. ഡ്രൈവിംഗ് ലൈസൻസ്, ബാഡ്ജ്, മെഡിക്കൽ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ്, ക്വാളിഫിക്കേഷൻ മുതലായവയുടെ അടിസ്ഥാനത്തിൽ, കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ, ചെയർമാൻ, ബോർഡ് മെംമ്പർ എന്നിവർ അടങ്ങിയ കമ്മിറ്റി ഇന്റർവ്യൂ നടത്തുന്നു. 18 വയസ്സിനും 45 വയസ്സിനും ഇടയിൽ പ്രായമുള്ളവരെയാണ് തെരഞ്ഞെടുക്കുന്നത്. പ്രായപരിധിയിൽ എത്തി നിൽക്കുന്നവർക്ക് കൂടുതൽ പരിഗണനയുണ്ട്. വൃദ്ധരായ അച്ഛനമ്മമാർ, അംഗവൈകല്യമുള്ളവർ, ക്ഷയരോഗികൾ എന്നിവർ കുടുംബാംഗങ്ങളായി ഉള്ളവർക്കും, ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ട സ്ത്രീ കുടുംബനായികയായിട്ടുള്ളവർക്കും പ്രത്യേക പരിഗണനയുണ്ട്.

(എഫ്) ഉണ്ട്.

ആദിവാസി കോളനികൾ

3 (826) ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ആദിവാസികളുടെ പ്രാഥമിക ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കഴിഞ്ഞ നാലു വർഷങ്ങളിൽ നടപ്പാക്കിയിട്ടുള്ള കാര്യങ്ങൾ വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്തെ ആദിവാസി കോളനികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദിവാസികൾക്കായി എത്ര വീടുകൾ നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ഡി) എത്ര ആദിവാസി കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) ആദിവാസി കോളനികളിൽ കുടിവെള്ളമെത്തിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പട്ടികവർഗ്ഗക്കാരുടെ പ്രാഥമിക ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഭവനരഹിതരായ എല്ലാ കുടുംബങ്ങൾക്കും വീടുകൾ നൽകുന്നതിനും വീട് നിർമ്മിക്കാൻ സ്വന്തമായി സ്ഥലം ഇല്ലാത്തവർക്ക് സ്ഥലം നൽകുന്നതിനും നടപടി സ്വീകരിച്ചു. 9-ാം പദ്ധതിയോട് കൂടി ഭവനരഹിതരായ എല്ലാ കുടുംബങ്ങൾക്കും ഭവനം നൽകുന്നതിന് സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി നടപ്പാക്കി വരുന്നു. കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലേയ്ക്ക് കുടിവെള്ളം, റോഡ്, വൈദ്യുതി ഇവ എത്തിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. ജനകീയാസൂത്രണ പദ്ധതിയനുസരിച്ച് ത്രിതല പഞ്ചായത്തുകൾ മുഖേന അതാത് പ്രദേശങ്ങളിലെ ആവശ്യങ്ങൾ മനസ്സിലാക്കി ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് 3,945 ആദിവാസി കോളനികളുണ്ട്. ഇവയുടെ ലിസ്റ്റ് തയ്യാറാക്കി നൽകുന്നതാണ്.

(സി) 7,069 വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) പട്ടികവർഗ്ഗ വികസനവകുപ്പ് കുടിവെള്ള സൗകര്യം ലഭ്യമല്ലാത്ത കോളനികളിൽ കിണർ കുഴിച്ചു നൽകുന്ന പദ്ധതി നടപ്പാക്കി വരുന്നു. ത്രിതല പഞ്ചായത്ത് മുഖേനയും ശുദ്ധജലവിതരണത്തിനുള്ള പദ്ധതികൾ നടപ്പാക്കി വരുന്നു. കൂടാതെ കേരള വാട്ടർ അതോറിറ്റിയും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റും കോളനികളിൽ ശുദ്ധജലവിതരണം നടത്തുന്നതിന് ട്രൈബൽ സബ്പ്ലാൻ പൂൾസ് ഫണ്ട് വിനിയോഗിച്ച് പദ്ധതി നടപ്പാക്കിവരുന്നു.

ഗിരിവർഗ്ഗക്കാരുടെ സാമ്പത്തിക ഉന്നമനത്തിനായി പരിപാടി

4 (827) ശ്രീ. കെ. പി. വിശ്വനാഥൻ :
ശ്രീ. എഴുകോൺ നാരായണൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികജാതിമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗിരിവർഗ്ഗക്കാരുടെ സാമ്പത്തിക ഉന്നമനത്തിനായി ഗവൺമെന്റിന് എന്തെല്ലാം പരിപാടികളുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly